(സി) തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഏകദേശം 1,51,40,089 രൂപ നീക്കിയിരിപ്പുള്ളതായി നികുതി വകുപ്പ് അറിയിച്ചിട്ടുണ്ട്.

അവശകലാകാരൻമാർക്ക് നൽകിവരുന്ന പെൻഷൻ

135 (3897) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ അവശകലാകാരൻമാർക്ക് നൽകി വരുന്ന പെൻഷൻ ഓരോ വിഭാഗത്തിലും എത്ര പേർക്കു വീതം നൽകുന്നു എന്ന് വിശദമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ ലഭിക്കുന്ന അവശകലാകാരൻമാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ എന്നു പറയാമോ ;

(ബി) അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് പറയാമോ ; വിവിധ കലാരൂപങ്ങൾ കൈകാര്യം ചെയ്തിരുന്നവർക്ക് നിശ്ചിത ശതമാനം എന്ന നിരക്ക് വച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പെൻഷൻ വാങ്ങുന്ന എത്ര നാടക കലാകാരൻമാർ ഉണ്ടെന്ന് പറയാമോ ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ; പെൻഷന് പരിഗണിക്കുമ്പോൾ നാടക കലാകാരൻമാർ അവഗണിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവശകലാകാരൻമാർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കാനും അവർക്ക് ചികിത്സ ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ കലാവിഭാഗം തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ ലഭിക്കുന്ന അവശകലാകാരൻമാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(ബി) അൻപത് വയസ്സിന് മുകളിൽ പ്രായവും പ്രതിമാസം 750 രൂപയിൽ കവിയാത്ത വരുമാനവുമുള്ള കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കുമാണ് വയസ്സിന്റെ മുൻഗണനാടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നത്. വിവിധ കലാരൂപങ്ങൾ കൈകാര്യം ചെയ്തിരുന്നവർക്ക് നിശ്ചിത ശതമാനമെന്ന നിരക്ക് നിശ്ചയിച്ചിട്ടില്ല.

(സി) പെൻഷൻ വാങ്ങുന്ന നാടക കലാകാരൻമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്. പെൻഷന് പരിഗണിക്കുമ്പോൾ നാടക കലാകാരൻമാർ അവഗണിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രോഗബാധിതരായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും നിലവിൽ രോഗത്തിന്റെ ഗൗരവമനുസരിച്ച് 10,000 രൂപവരെയും പ്രത്യേക കേസ്സുകളിൽ അതിൽ കൂടുതലും തുക അടിയന്തിര ചികിത്സാ ധനസഹായമായി അനുവദിക്കാറുണ്ട്. കലാകാര പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അവശകലാകാരൻമാർക്ക് പെൻഷൻ പദ്ധതി

136 (3898) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാംസ്കാരിക വകുപ്പു മുഖേന അവശകലാകാരൻമാർക്ക് നൽകുന്ന പെൻഷൻ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര പേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 1072 പേർക്ക് കലാകാരപെൻഷൻ അനുവദിച്ചിട്ടുണ്ട്.

അവശകലാകാരൻമാർക്ക് പെൻഷൻ

137 (3899) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോട്ടറി നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്നും, എത്ര അവശ കലാകാരൻമാർക്ക് പെൻഷൻ നൽകിയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കലാകാരപെൻഷൻ അനുവദിക്കുന്നതിനല്ല ലോട്ടറി നടത്തിയത്. അവർക്ക് സമഗ്ര ക്ഷേമനിധി നടപ്പാക്കുന്നതിനുവേണ്ടി ധനം സ്വരൂപിക്കാനുള്ള സാംസ്ക്കാരിക ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടത്തിയത് 9-3-2009-ൽ ആണ്.

(ബി&സി) കലാകാരപെൻഷൻ വർഷങ്ങളായി നൽകുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നു. ക്ഷേമനിധി രൂപീകരണം അടിയന്തരമായി നടപ്പാക്കുന്നതാണ്. ലോട്ടറിയിൽനിന്നുള്ള വരുമാനം ഇതിനായി ഉപയോഗിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly